# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 28, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 331)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 4194 മുതൽ 4326 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 4327 മുതൽ 4414 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 4415 മുതൽ 4457 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 4458 മുതൽ 4524 വരെ |

### സമ്പൂർണ്ണ പദ്ധതി

4194 ശ്രീ. വി.ഡി. സതീശൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' കെ. മുരളീധരൻ
'' പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഈ പദ്ധതി വഴി എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത്;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

(ഡി) ഈ പദ്ധതി അടുത്ത അദ്ധ്യയനവർഷം മുതൽ നടപ്പാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>സ്കൂളുകളിൽ ധാർമ്മികസേന</u>**

**4195** **ശ്രീ. വി. ഡി. സതീശൻ**
**,, പാലോട് രവി**
**,, അൻവർ സാദത്ത്**
**,, ഷാഫി പറമ്പിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സ്കൂളുകളിൽ ധാർമ്മിക സേന രൂപീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;**

(ബി) **ധാർമ്മിക സേനയുടെ ഘടനയും ഉദ്ദേശ്യ ലക്ഷ്യങ്ങളും എന്തൊക്കെയാണ്; ഇതിനായി എന്തെല്ലാം നടപടികൾ ഇതിനോടകം എടുത്തിട്ടുണ്ട്?**

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>സ്മാർട്ട് ക്ലാസ്സ് മുറികൾ</u>**

**4196** **ശ്രീ. റ്റി. എൻ. പ്രതാപൻ**
**,, വി. പി. സജീന്ദ്രൻ**
**,, പി. സി. വിഷ്ണുനാഥ്**
**,, ലൂഡി ലൂയിസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് മുറികളാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) സ്കൂളുകൾക്ക് ലാപ്ടോപ് നൽകുന്ന നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കുമോ;

(സി) പാഠപുസ്തകങ്ങൾക്ക് ബദലായി ചെറിയ കമ്പ്യൂട്ടറുകൾ നൽകുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>സ്കൂൾ അദ്ധ്യാപകരുടെ സാങ്കേതിക മികവ്</u>

4197 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ അദ്ധ്യാപകരുടെ സാങ്കേതിക മികവ് വിലയിരുത്തിയിരുന്നോ ; എങ്കിൽ തൃപ്തികരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) നിലവിലുള്ള അദ്ധ്യാപകരുടെ സാങ്കേതിക മികവ് ഉയർത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എല്ലാ അദ്ധ്യാപകർക്കും നിർബന്ധിത കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) അദ്ധ്യാപകരുടെ തുടർ പഠനം പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള കൂടുതൽ നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>സര്‍ക്കാര്‍/എയ്ഡഡ് സ്കൂളുകളില്‍ പ്രവേശനം നേടിയ കുട്ടികള്‍</u>**

**4198 ശ്രീ. എം. എ വാഹീദ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍/എയ്ഡഡ് സ്കൂളുകളില്‍ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തില്‍ ഈ വര്‍ഷം വര്‍ദ്ധനവ് ഉണ്ടായതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളുടെ കണക്കെടുപ്പിന് ബയോമെട്രിക് സംവിധാനം ഈ വര്‍ഷം ഏര്‍പ്പെടുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കില്‍ എന്ന് ഈ സംവിധാനം ഏര്‍പ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### വിവിധ സ്കോളർഷിപ്പുകൾ

4199 ശ്രീ. എ. എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.എസ്.എസ്. (4-ാം ക്ലാസ്), യു.എസ്.എസ്. (7-ാം ക്ലാസ്) സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയം നേടുന്ന കുട്ടികൾക്ക് ഇപ്പോൾ നൽകുന്ന സ്കോളർഷിപ്പ് തുക എത്രയാണ് ; വ്യക്തമാക്കുമോ ;

(ബി) നാമമാത്രമായ ഈ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഒ.ബി.സി, മൈനോറിറ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൈമറിതലം മുതൽ എസ്.എസ്.എൽ.സി. വരെ എത്ര രൂപയാണ് പ്രീമെട്രിക് സ്കോളർഷിപ്പ് നൽകുന്നത് ;

(ഡി) എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് എത്ര രൂപയാണ് സ്റ്റൈപ്പെന്റ് നൽകുന്നത് ;

(ഇ) ഈ തുകകളിലെ അന്തരം ഒഴിവാക്കുന്നതിന് തുകകൾ വർദ്ധിപ്പിച്ച് ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

**എസ്.എസ്.എൽ.സി ബുക്കിലെ പേരും, ജനനതീയതിയും ശരിയാക്കൽ**

4200 **ശ്രീ. റ്റി.എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി ബുക്കിലെ പേരും, ജനനതീയതിയും തിരുത്തുന്നതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അതാത് ജില്ലകളിൽ അദാലത്ത് നടത്തുന്ന കാര്യം ആലോചനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>സംസ്ഥാനത്തെ സ്കൂളുകളിൽ മാതൃഭാഷാ നിർബന്ധമാക്കാൻ നടപടി</u>**

**4201** **ശ്രീ. വി. പി. സജീന്ദ്രൻ**
**,, ലൂഡി ലൂയിസ്**
**,, തേറമ്പിൽ രാമകൃഷ്ണൻ**
**,, വർക്കല കഹാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ മാതൃഭാഷ നിർബന്ധമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) അൺ എയ്ഡഡ് സ്കൂളുകളിൽ ഭാഷ പഠിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

### സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റുകൾ

4202 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' കെ. ശിവദാസൻനായർ
'' സണ്ണിജോസഫ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റുകൾ സർക്കാർ ഏജൻസികൾക്ക് ഓൺലൈനിലൂടെ പരിശോധിക്കാനുള്ള എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ ;

(സി) ഏതെല്ലാം സർക്കാർ ഏജൻസികൾക്കാണ് പരിശോധിക്കാൻ സാധിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്ലസ്റ്റർ ഓഫീസുകൾ</u>**

4203 **ശ്രീ. ഹൈബി ഈഡൻ**
**,, ബെന്നി ബഹനാൻ**
**,, എ. പി. അബ്ദുള്ളക്കുട്ടി**
**,, ഷാഫി പറമ്പിൽ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്ലസ്റ്റർ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;**

(ബി) **ക്ലസ്റ്റർ ഓഫീസുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;**

(സി) **ഏതെല്ലാം പദ്ധതി പ്രകാരമുളള ഫണ്ട് ഉപയോഗിച്ചാണ് ഇത്തരം ഓഫീസുകൾ ആരംഭിക്കുന്നത്; വിശദമാക്കാമോ?**

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്റ്റുഡന്റ് കൗൺസിലർമാരുടെ സേവനം**

**4204** **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്റ്റുഡന്റ് കൗൺസിലർമാരുടെ സേവനം ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(ബി) നിലവിലുള്ള അധ്യാപകർക്ക് പരിശീലനം നൽകി അവരെ കൗൺസിലർ ആക്കുന്നത് പ്രായോഗികമാണെന്ന് കരുതുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ ആയതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുന്ന പദ്ധതി</u>

4205 ശ്രീ. കെ. കെ. നാരായണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, റ്റി. വി. രാജേഷ്
,, കെ. വി വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 ലെ ബഡ്ജറ്റിൽ പറഞ്ഞിരുന്ന 14 വയസ്സുവരെയുള്ള സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുന്ന പദ്ധതി ആ വർഷം എത്രമാത്രം നടപ്പിലാക്കാൻ സാധിച്ചു എന്ന് പറയാമോ; ഭരണാനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതിലേയ്ക്കായി എത്ര തുക ആവശ്യമുണ്ട്; ഇതുവരെ ചെലവാക്കിയതെത്ര എന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ</u>**

**4206 ശ്രീ. എ. പ്രദീപ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ 2011-2013 വർഷം ഹയർസെക്കണ്ടറി കോഴ്സിന് ഒന്നും രണ്ടും വർഷങ്ങളിൽ യഥാക്രമം എത്ര വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത് പഠിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഓപ്പൺ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ് ബുക്ക് വില അടക്കുന്നതിന് നിലവിലുണ്ടായിരുന്ന ചെലാൻ സംവിധാനം പിൻവലിച്ച് ഡി. ഡി. സംവിധാനം ഏർപ്പെടുത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇതിനുളള കാരണം വ്യക്തമാക്കുമോ;

(സി) ചെലാൻ സംവിധാനത്തിലും, ഡി. ഡി. സംവിധാനത്തിലും പുസ്തക വില അടക്കുന്നതിന് ഒരു വിദ്യാർത്ഥിക്ക് ബാങ്ക് കമ്മീഷൻ ഇനത്തിൽ യഥാക്രമം എത്ര രൂപ വീതം ചെലവു വരുമെന്ന് അറിയിക്കുമോ;

(ഡി) വിദ്യാർത്ഥികൾക്ക് സാമ്പത്തിക ബാധ്യത കുറക്കുന്ന സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ ആസ്ഥാനം**

**4207**

**ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ ആസ്ഥാനം മലബാർ പ്രദേശത്തേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;**

(ബി) **ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ പുന:സംഘടന</u>**

**4208 ശ്രീ. വി.ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ പുന:സംഘടിപ്പിച്ച് സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ (സ്കോൾ, കേരള) എന്ന പേരിൽ ട്രാവൻകൂർ-കൊച്ചിൻ ലിറ്ററസി ആന്റ് സയന്റിഫിക് സൊസൈറ്റീസ് ആക്ട് പ്രകാരം തിരുവനന്തപുരം ആസ്ഥാനമായി രജിസ്റ്റർ ചെയ്യാൻ പുറപ്പെടുവിച്ച ഉത്തരവ് പരിഷ്ക്കരിച്ച് മലബാർ-ട്രാവൻകൂർ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>മാവേലിക്കര മണ്ഡലത്തിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>**

**4209 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ സർക്കാർ പരിഗണനയിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളുണ്ടോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കേരള സ്റ്റേറ്റ് ഓപ്പണ്‍ സ്കൂളിലെ പഠന സഹായികള്‍**

**4210 ശ്രീ. എ. പ്രദീപ് കുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പണ്‍ സ്കൂളില്‍ രജിസ്റ്റര്‍ ചെയ്ത് പഠിക്കുന്ന വിദ്യാര്‍ത്ഥികള്‍ക്ക് സ്വയം പഠന സഹായികള്‍ തപാല്‍മാര്‍ഗ്ഗം മേല്‍വിലാസത്തില്‍ എത്തിച്ചു നല്‍കാം എന്ന് വാഗ്ദാനം നല്‍കി ഫീസ് ഈടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ എത്ര രൂപ വീതമാണെന്നും, 2011-2012 സാമ്പത്തിക വര്‍ഷം ഈ ഇനത്തില്‍ എത്ര രൂപ ലഭിച്ചെന്നും വെളിപ്പെടുത്താമോ;

(ബി) തപാല്‍ മാര്‍ഗ്ഗം സ്വയം പഠന സഹായികള്‍ അയച്ചുകൊടുക്കുന്ന സംവിധാനം നിര്‍ത്തലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കില്‍ അതിനുള്ള കാരണം വിശദമാക്കാമോ?

(ഡി) സ്വയം പഠന സഹായികള്‍ തപാല്‍ മാര്‍ഗ്ഗം വിദ്യാര്‍ത്ഥികളുടെ മേല്‍ വിലാസത്തില്‍ എത്തിക്കുന്നത് വിദ്യാര്‍ത്ഥികള്‍ക്ക് കൂടുതല്‍ സൗകര്യ പ്രദമാണെന്നതിനാല്‍ ഈ രീതി കുറ്റമറ്റതാക്കി നിലനിര്‍ത്താന്‍ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കില്‍ ഈടാക്കിയ തപാല്‍ ചാര്‍ജ്ജ് മടക്കി നല്‍കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**മലബാറിൽ ഓപ്പൺ സ്കൂളിന്റെ ഒരു മേഖലാ കേന്ദ്രം**

**4211** **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിച്ചതും ജോലിയിൽ തുടരുന്നതുമായ എത്ര ഡെപ്യൂട്ടേഷൻ/കരാർ/ദിവസക്കൂലി ജീവനക്കാർ ഓപ്പൺ സ്കൂൾ, എസ്. ഇ. ആർ. ടി. എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ഓപ്പൺ സ്കൂളിന്റെ ഒരു മേഖലാ കേന്ദ്രം മലബാറിൽ തുടങ്ങുന്ന നടപടി ഏതു ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സ്മാർട്ട് ക്ലാസ് മുറികൾ**

4212 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **"സ്മാർട്ട് ക്ലാസ് മുറി-"കളില്ലാത്ത എത്ര സ്കൂളുകളാണ് നിലവിലുള്ളത്;**

(ബി) **എല്ലാ സ്കൂളുകളിലും ഒരു മുറിയെങ്കിലും "സ്മാർട്ട് ക്ലാസ്" ആക്കാനുള്ള നടപടി സ്വീകരിക്കുമോ ?**

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**കോങ്ങാട് മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ്മുറി പദ്ധതി**

**4213 ശ്രീ. കെ.വി.വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ക്ലാസ്സ് മുറികളും ''സ്മാർട്ട് ക്ലാസ്'' മുറികളാക്കാൻ ഉദ്ദേശിക്കുന്നു എന്ന 2012-13-ലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കോങ്ങാട് മണ്ഡലത്തിലെ ഏതെങ്കിലും സ്കൂൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ബി) ഈ പദ്ധതിയ്ക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ചടയമംഗലം മണ്ഡലത്തിലെ 'സ്മാർട്ട്' ക്ലാസ് റൂമുകൾ**

4214 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജക മണ്ഡലത്തിൽ എത്ര സ്കൂളുകളിലാണ് 'സ്മാർട്ട്' ക്ലാസ് റൂമുകൾ അനുവദിച്ചിട്ടുള്ളത്; ഇവ ഏതെല്ലാം സ്കൂളുകളിലാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**അനാദായകരമായ സ്കൂളുകളിലെ അദ്ധ്യാപകർ**

4215 ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പുരുഷൻ കടലുണ്ടി
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാദായകരമെന്ന് വിലയിരുത്തിയ സ്കൂളുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിലുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) ഇത്തരം സ്കൂളുകൾ നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സ്കൂളുകളിൽ നിലവിലുള്ള വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസത്തിന് എന്ത് സൗകര്യമാണ് സർക്കാർ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) അനാദായകരമെന്ന് വിലയിരുത്തിയ സ്കൂളുകളിലെ അദ്ധ്യാപകരുടെ ജോലി നിലനിർത്തുന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം സ്കൂളുകളിൽ ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ എണ്ണം എത്രയാണ്?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ആദായകരമല്ലാത്ത സ്കൂളുകളെ അടച്ചുപൂട്ടുന്നതിന് നടപടി**

**4216 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ആദായകരമല്ലാത്ത സ്കൂളുകളെ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നും ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(ബി) പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ആദായകരമല്ലാത്ത സ്കൂളുകളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ആദായകരമല്ലാത്ത എന്നു വിശേഷിപ്പിച്ചിട്ടുള്ള സ്കൂളുകളെ അടച്ചുപൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പാക്കേജുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം പാക്കേജുകൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ആദായകരമല്ലാത്ത വിദ്യാലയങ്ങളിലെ നിയമനം**

**4217 ശ്രീ. ജോസഫ് വാഴക്കൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പാക്കേജ് നിലവിൽ വന്നതിനുശേഷം ആദായകരമല്ലാത്ത വിദ്യാലയങ്ങളിലെ നിയമനം അംഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) ഇതിന് എന്തെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ വിദ്യാലയങ്ങളിലെ നിയമനം അംഗീകരിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുമോ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

<u>**പാഠപുസ്തകങ്ങളുടെ അച്ചടി**</u>

4218 **ശ്രീ. റോഷി അഗസ്റ്റിൻ**
**,, പി. സി. ജോർജ്**
**ഡോ. എൻ. ജയരാജ്**
**ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നടപ്പു അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകളിൽ എല്ലാതലങ്ങളിലേക്കുമുള്ള പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തീകരിച്ചുവോ;

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിലും മുൻകൂർ വിതരണം ചെയ്യുന്നതിലും എത്രത്തോളം വിജയിക്കാൻ സാധിച്ചു; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്കൂളുകളിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും ഏത് ഏജൻസിക്കാണ് നല്കിയത്; ഇത് എത്രത്തോളം ഫലപ്രദമായിരുന്നു; വിശദാംശങ്ങൾ നല്കുമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>സമയബന്ധിത പാഠപുസ്തകവിതരണം</u>**

**4219**

**ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സ്കൂൾ പാഠപുസ്തക വിതരണം സമയബന്ധിതമായി ചെയ്യുന്നതിന് പ്രത്യേകമായി സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ;

(ബിം ഇതനുസരിച്ച് പാഠപുസ്തകവിതരണം കൃത്യമായി പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**അദ്ധ്യാപക പാക്കേജ് പുതിയ വ്യവസ്ഥകള്‍**

**4220 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഉത്തരവുകളുടെ/സര്‍ക്കുലറുകളുടെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ബി) അദ്ധ്യാപകേതര ജീവനക്കാരുടെ അംഗീകാരത്തിന് പാക്കേജില്‍ പുതിയ വ്യവസ്ഥകള്‍ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**അദ്ധ്യാപക പാക്കേജ്**

4221 **ശ്രീ. ഇ.പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും നിയമന അംഗീകാരം ലഭിക്കാതെ ജോലി ചെയ്തിരുന്ന എത്ര അദ്ധ്യാപകരെയാണ് അദ്ധ്യാപക പാക്കേജ് മുഖേന അംഗീകരിച്ചതെന്നു വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് സ്കൂളുകളിലെ എത്ര അദ്ധ്യാപകർക്കും എയ്ഡഡ് സ്കൂളുകളിലെ എത്ര അദ്ധ്യാപകർക്കും ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അദ്ധ്യാപക പാക്കേജിലൂടെ നിയമന അംഗീകാരം ലഭിച്ച എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ജില്ല, സ്കൂൾ എന്നിവ തരം തിരിച്ച് പേരു വിവരവും അവർ പ്രസ്തുത സ്കൂളുകളിൽ സർവ്വീസിൽ പ്രവേശിച്ച വർഷവും വ്യക്തമാക്കുമോ;

(ഡി) അദ്ധ്യാപക പാക്കേജിലൂടെ നിയമന അംഗീകാരം ലഭിച്ച അദ്ധ്യാപകരെല്ലാം ശമ്പളം വാങ്ങിതുടങ്ങി എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ഇ) അദ്ധ്യാപക പാക്കേജിലൂടെ നിയമനാംഗീകാരം നൽകിയതിനു ശേഷം ഏതെല്ലാം എയ്ഡഡ് സ്കൂളുകളിൽ പുതിയ നിയമനങ്ങൾ നടന്നിട്ടുണ്ടെന്നും അത്തരത്തിൽ സംസ്ഥാനത്ത് എത്ര അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>അദ്ധ്യാപക ബാങ്കിലെ അദ്ധ്യാപകര്‍</u>**

**4222** **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **അദ്ധ്യാപക പാക്കേജ് അനുസരിച്ച് അദ്ധ്യാപക ബാങ്കില്‍ എത്ര പേരാണുളളത് ; വ്യക്തമാക്കാമോ ;**

(ബി) **ഓരോ വിഷയങ്ങളിലും എത്ര പേര്‍ വീതമാണുളളതെന്ന് ജില്ല തിരിച്ചു വ്യക്തമാക്കാമോ ?**

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

**അന്ധവിദ്യാലയത്തിലെ ഹെഡ്മാസ്റ്റർമാർക്കു വേണ്ട യോഗ്യത**

4223 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്ധവിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർമാർക്കു വേണ്ട യോഗ്യതകൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഹെഡ്മാസ്റ്റർമാർ ഓരോരുത്തരും നേടിയിരിക്കുന്ന യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) നിശ്ചിത യോഗ്യത ഇല്ലാത്ത ഹെഡ്മാസ്റ്റർമാരെ തൽസ്ഥാനത്തു നിന്നും നീക്കി യോഗ്യത ഉള്ളവരെ നിയമിക്കുമോ;

(ഡി) 4.01.2012-ൽ പൊതുവിദ്യാഭ്യാസവകുപ്പു പുറത്തിറക്കിയ ജി.ഒ. (ആർ.റ്റി)/452012/G.Edn നമ്പർ ഉത്തരവ് നടപ്പാക്കത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഉത്തരവു നടപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരേ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത ഉത്തരവ് പ്രാബല്യത്തിലുണ്ടെങ്കിൽ ആയതു നടപ്പാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>അന്ധന്മാരുടെ ക്ഷേമത്തിനായി സ്റ്റാമ്പ് വില്പന</u>**

**4224 ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്ധന്മാരുടെ ക്ഷേമത്തിനായി സ്കൂളുകൾ വഴി സ്റ്റാമ്പ് വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ബ്ലൈൻഡ് എന്ന സംഘടനയ്ക്ക് ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സ്റ്റാമ്പ് വിതരണത്തിന് അനുമതി നൽകുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### <u>അന്ധവിദ്യാലയങ്ങൾ</u>

4225

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അന്ധവിദ്യാലയങ്ങൾ ഉണ്ട്; എവിടെയൊക്കെ; വിശദമാക്കുമോ;

(ബി) ഈ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കുവേണ്ട യോഗ്യതകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഇവരുടെ നിയമന രീതി ഏതുരീതിയിലാണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സ്ഥലം മാറ്റം എങ്ങനെയാണ്; അതിനുള്ള മാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

ഒന്നാം ക്ലാസിലെ പ്രവേശനത്തിനുള്ള പ്രായം

4226 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസിലെ പ്രവേശന പ്രായം 6 വയസ്സാക്കുന്ന സാഹചര്യത്തിൽ എല്ലാ വിദ്യാലയങ്ങളിലും പ്രീ-പ്രൈമറികൾ ആരംഭിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) സർക്കാർ എയ്ഡഡ് പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ അധ്യാപകർക്ക് ശമ്പളം സർക്കാർ നൽകുന്ന കാര്യം ആലോചിക്കുമോ;

(സി) പ്രീ-പ്രൈമറി വിഭാഗത്തിനായി പാഠപുസ്തകം, അധ്യാപകർക്ക് ഹാൻബുക്ക് എന്നിവ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അവ ഉടൻ തയ്യാറാക്കി വിതരണം ചെയ്യാനാവശ്യമായ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>സ്കൂൾ മീറ്റിൽ കുട്ടികളുടെ പങ്കാളിത്തം</u>

4227 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ മീറ്റിൽ കുട്ടികളുടെ പങ്കാളിത്തം കുറഞ്ഞുവരുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ടു വർഷം മുമ്പ് വരെ 5000 ത്തോളം കുട്ടികൾ പങ്കെടുത്തിരുന്ന സ്കൂൾ മീറ്റിൽ ഇത്തവണ 2600 കുട്ടികളാണ് മത്സരിക്കുവാനുണ്ടായിരുന്നത് എന്ന യാഥാർത്ഥ്യം മനസ്സിലാക്കി കുട്ടികളുടെ പങ്കാളിത്തം മീറ്റിൽ കുറഞ്ഞു വരുന്നത് ഫലപ്രദമായി തടയാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സ്കൂള്‍ വിദ്യാര്‍ത്ഥികള്‍ക്കുള്ള പാല്‍ വിതരണം**

4228 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്
,, കെ. എം. ഷാജി
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സ്കൂള്‍ വിദ്യാര്‍ത്ഥികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ ഭക്ഷണ പദാര്‍ത്ഥങ്ങളാണ് സ്കൂളുകള്‍ വഴി കുട്ടികള്‍ക്ക് നല്‍കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി പാല്‍ നല്‍കുന്നുണ്ടോ ; എങ്കില്‍ എന്നുമുതലാണ് ഈ പദ്ധതി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഏത് ഏജന്‍സിയാണ് പാല്‍ നല്‍കുന്നത് ; പാല്‍ വില കുടിശ്ശികയായതിനാല്‍ പാല്‍ വിതരണം നിര്‍ത്തലാക്കാന്‍ പോകുന്നു എന്ന പരാതി ശ്രദ്ധയില്‍ വന്നിട്ടുണ്ടോ;

(ഡി) എങ്കില്‍ എന്നുമുതലാണ് കുടിശ്ശികയായതെന്നും, എന്തു തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

**4229** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി. എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾക്ക് നൽകുന്ന പണത്തിന്റെ വിനിയോഗം നിരീക്ഷിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ പദ്ധതികൾക്കാണ് വിദ്യാഭ്യാസ വകുപ്പ് പണം നൽകുന്നത് ;

(സി) ഈ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
# 28.06.2012 -ലെ മറുപടിക്ക്

**സ്കൂളുകളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതിനുള്ള നടപടികൾ**

**4230 ശ്രീ. പി. റ്റി. എ റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ ഏതുവരെയെത്തി എന്ന് വിശദമാക്കുമോ;

(സി) 150 ന് മുകളിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഒരു അദ്ധ്യാപകന്റെ അധിക തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കോഴിക്കോട് ജില്ലയിലെ സർക്കാർ എൽ. പി. സ്കൂളുകളിൽ ഇത്തരത്തിലുള്ള എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇങ്ങിനെ സൃഷ്ടിക്കപ്പെടുന്ന തസ്തികകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### വിദ്യാഭ്യാസ അവകാശനിയമം

**4231 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവിദ്യാഭ്യാസ അവകാശനിയമമനുസരിച്ച് അൺ എയിഡഡ് സ്കൂളുകളിൽ സംവരണ പ്രകാരം അഡ്മിഷൻ നൽകുന്ന ദുർബല വിഭാഗത്തിൽപ്പെട്ടവർക്കായി സർക്കാർ ഫണ്ട് വിനിയോഗിക്കുമോ;

(ബി) പ്രസ്തുത നടപടി സമീപമുള്ള പൊതുവിദ്യാലയങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൻമേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>അൺ എയ്ഡഡ് സ്കൂളുകൾക്ക് അനുമതി</u>**

**4232 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**അൺ എയ്ഡഡ് സ്കൂളുകളുടെ അനുമതിക്കായി ലഭിച്ച അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കുമോ?**

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

<u>**പുതിയ വിദ്യാലയങ്ങൾ**</u>

4233 **ശ്രീ. പാലോട് രവി**

**,, പി.സി വിഷ്ണുനാഥ്**

**,, എ. പി. അബ്ദുള്ളക്കുട്ടി**

**,, അൻവർ സാദത്ത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് പുതിയ വിദ്യാലയങ്ങൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ;**

(ബി) **സ്വാശ്രയ മേഖലയിൽ പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;**

(സി) **എങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണ് അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വയനാട്ടിലെ ആദിവാസിക്കുട്ടികളുടെ സ്കൂൾ തലത്തിലുള്ള കൊഴിഞ്ഞുപോക്ക്**

4234 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ആദിവാസികുട്ടികളുടെ ഇടയിലുള്ള പഠനവിമുഖത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വയനാട്ടിലെ എൽ.പി.എസ്., യു.പി.എസ്., ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഈ അദ്ധ്യയന വർഷം രജിസ്റ്റർ ചെയ്തിരിക്കുന്ന ആദിവാസിക്കുട്ടികളുടെ കണക്ക് ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ നിന്നും ആയത് എത്ര വ്യത്യാസപ്പെട്ടിരിക്കുന്നു വ്യക്തമാക്കുമോ ;

(ഡി) ജില്ലയിലെ ആദിവാസിക്കുട്ടികളുടെ സ്കൂൾതലത്തിലുള്ള കൊഴിഞ്ഞ്പോക്ക് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട അധ്യാപക-അനധ്യാപക ജീവനക്കാർ**

4235 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർ, അനധ്യാപകർ എന്നിവരിൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുളളവർ എത്ര ;

(ബി) ഇവരുടെ ജില്ല തിരിച്ചുളള പേരു വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വിദ്യാഭ്യാസ അവകാശനിയമവും കെ. ഇ. ആർ. ഭേദഗതിയും**

**4236** ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യഭ്യാസ പാക്കേജ് നടപ്പാക്കിയതു വഴി എത്ര അധ്യാപകർക്ക് നിമനാംഗീകാരം ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിലനിൽക്കുന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തതനുസരിച്ചാണോ എന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കിയപ്പോൾ അതനുസരിച്ച് കെ. ഇ. ആറിൽ വരുത്തേണ്ട ഭേദഗതികൾ വരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ; എന്നത്തേക്ക് ഇത് പൂർണ്ണമായും നടപ്പാക്കാനാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ശമ്പളസ്കെയിൽ പ്രൊട്ടക്ട് ചെയ്ത് നൽകുന്നതിന് നടപടി**

**4237 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിൽ പാർട്ട്ടൈം എൽ.പി.എസ്.എ. -യിൽ നിന്നും പാർട്ട്ടൈം എച്ച്.എസ്.എ. ആയി നിയമനം ലഭിച്ച അദ്ധ്യാപകന് നിലവിലുണ്ടായിരുന്ന ശമ്പളസ്കെയിൽ പ്രൊട്ടക്ട് ചെയ്ത് നൽകാൻ വ്യവസ്ഥയുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ശമ്പള പ്രൊട്ടക്ഷൻ വ്യവസ്ഥ സർക്കാർ റദ്ദ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ ഗവൺമെന്റ് ഉത്തരവ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വിദ്യാർത്ഥികളുടെ കുറവുമൂലം ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർ**

4238 **ശ്രീമതി കെ.എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ കുറവുമൂലം ജോലി നഷ്ടപ്പെട്ട എത്ര അദ്ധ്യാപകരാണ് സംസ്ഥാനത്തുള്ളത്; സർക്കാർ, എയ്ഡഡ് എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി ഇത്തരം അദ്ധ്യാപകരെ എപ്രകാരം ഉപയോഗിക്കാനാണ് വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) എസ്.എസ്.എ.യ്ക്കുകീഴിൽ എത്ര ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ തസ്തികയാണ് സൃഷ്ടിച്ചത്; ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ വിദ്യാഭ്യാസ യോഗ്യത എപ്രകാരമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ഡി) ഇപ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള കോ-ഓർഡിനേറ്റർമാരുടെ തസ്തികയിലേക്കാണോ ഡിവിഷൻ പോയതുമൂലം ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരെ നിയമിക്കുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**നെറ്റ് പാസ്സായ അദ്ധ്യാപകര്‍ക്ക് പ്രൊമോഷന്‍**

**4239 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അദ്ധ്യാപക നിയമനങ്ങളിലെല്ലാം നിശ്ചിത ശതമാനം സീറ്റുകള്‍ സര്‍വ്വീസ് ക്വാട്ടയായി കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കില്‍ ഇത് സംബന്ധിച്ച് വിശദാംശങ്ങള്‍ അറിയിക്കാമോ;

(സി) നെറ്റ് പാസ്സായ സര്‍വ്വീസിലുള്ള അദ്ധ്യാപകര്‍ക്ക് യോഗ്യതയ്ക്കനുസരിച്ച് പ്രൊമോഷന്‍ നല്‍കുന്നതിന് ക്വാട്ട നിശ്ചയിച്ചിട്ടുണ്ടോ; ഇവരുടെ യോഗ്യതയ്ക്കനുസരിച്ച് എവിടെയാണ് പ്രൊമോഷന്‍ നിയമനം നല്‍കേണ്ടത്; വിശദാംശങ്ങള്‍ അറിയിക്കുമോ;

(ഡി) നെറ്റ് പാസ്സായി സര്‍വ്വീസിലുള്ളവര്‍ക്ക് പ്രൊമോഷന്‍ നല്‍കുന്നതിന് വ്യവസ്ഥയില്ലെങ്കില്‍ ആയത് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങള്‍ അറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>സ്കൂളുകളിൽ ചേരാത്തതും ഇടയ്ക്ക് വച്ച് പഠനം നിർത്തിയതുമായ കുട്ടികൾ</u>**

4240 **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്നിട്ടും സ്കൂളുകളിൽ ചേരാത്തവരും ഇടയ്ക്ക് വച്ച് പഠനം നിർത്തിയവരുമായ കുട്ടികളെ കണ്ടെത്താൻ എന്തൊക്കെ ഫലപ്രദമായ നടപടികളാണ് സ്വീകരിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ അപ്ഗ്രേഡ് ചെയ്യുവാന്‍ നടപടി**

**4241 ശ്രീ. കെ.എന്‍.എ. ഖാദര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിഭ്യാദ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ അപ്ഗ്രേഡ് ചെയ്യുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കില്‍ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി എന്തൊക്കെയാണ് ;

(ബി) സര്‍ക്കാര്‍ വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കുവാന്‍ ഉദ്ദേശ്യമുണ്ടോ ; എങ്കില്‍ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### സ്പെഷ്യൽ സ്കൂളുകൾ എയിഡഡ് പദവിയിലേക്ക് ഉയർത്തുന്നതിന് നടപടി

4242 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ പരിശീലിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയിഡഡ് പദവിയിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) സർക്കാർ കണക്കനുസരിച്ച് എത്ര കുട്ടികളാണ് ഈ വർഷം അംഗീകൃത സ്പെഷ്യൽ സ്കുളുകളിൽ പഠിക്കുന്നത് ;

(സി) സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്പെഷ്യൽ സ്കൂളുകൾ എന്ന വിഭാഗങ്ങളിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സ്കൂളുകളെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് നൽകിയിരിക്കുന്ന ഗ്രാന്റ് ഒരു കുട്ടിക്ക് എത്ര രൂപയാണ് ; ഈ സർക്കാർ വന്നശേഷം ഇത് വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(എഫ്) തൊഴിൽ പരിശീലന കേന്ദ്രങ്ങൾവഴി ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണി സർക്കാർ തലത്തിൽ സംഘടിപ്പിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**എയ്ഡഡ് സ്കൂള്‍ മാനേജ്മെന്റുകള്‍, ഗവണ്‍മെന്റ് ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് നല്‍കിയ നിവേദനം**

4243 **ശ്രീ. ഇ.പി. ജയരാജന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴില്‍ പ്രവര്‍ത്തിക്കുന്ന ഏതെല്ലാം എയ്ഡഡ് സ്കൂള്‍ മാനേജ്മെന്റുകള്‍, തങ്ങളുടെ സ്കൂളുകള്‍ ഗവണ്‍മെന്റ് ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് നിവേദനം നല്‍കിയിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകള്‍ ലഭ്യമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകള്‍ ഗവണ്‍മെന്റ് ഏറ്റെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിലവിലുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിനു ശേഷം ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം എയ്ഡഡ് സ്കൂളുകള്‍ ഗവണ്‍മെന്റ് ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ഡി) നിലവിലുള്ള നിബന്ധനകളില്‍ എന്തെല്ലാം ഇളവുകള്‍ അനുവദിച്ചു കൊണ്ടാണ് ഇപ്പോള്‍ സ്കൂളുകള്‍ ഗവണ്‍മെന്റ് ഏറ്റെടുത്തിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഇ) ഇപ്പോള്‍ ഏറ്റെടുത്ത സ്കൂളുകളില്‍ ആകെ എത്ര അദ്ധ്യാപകരും അനദ്ധ്യാപകരും ഉണ്ടെന്നും അവര്‍ക്ക് ശമ്പളം നല്‍കുന്നതിന് പ്രതിവര്‍ഷം എത്ര തുക വേണ്ടി വരുമെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>സര്‍ക്കാര്‍ / എയ്ഡഡ് വിദ്യാലയങ്ങളില്‍ കമ്പ്യൂട്ടര്‍</u>**

**4244**

**ശ്രീ. സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **സര്‍ക്കാര്‍ എയ്ഡഡ് വിദ്യാലയങ്ങളില്‍ പഠന ആവശ്യങ്ങള്‍ക്ക് വേണ്ടി കമ്പ്യൂട്ടര്‍ മുതലായവ അനുവദിക്കാന്‍ സന്നദ്ധമാകുമോ;**

(ബി) **സര്‍വശിക്ഷാ അഭിയാന്‍ മുഖേന ഇതുപോലുള്ള പഠന സാമഗ്രികള്‍ വിദ്യാലയങ്ങള്‍ക്ക് നല്‍കാന്‍ സര്‍ക്കാര്‍ തീരുമാനമെടുത്തിട്ടുണ്ടോ;**

(സി) **ഉണ്ടെങ്കില്‍ ഈ വര്‍ഷം അവയിലേതെല്ലാം നല്‍കുമെന്ന് വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾ**

4245 **ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകി;

(ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്ന വിവരം ലഭ്യമാക്കുമോ ഇതിൽ എൽ. പി., യു. പി, എച്ച്. എസ്, എച്ച്. എസ്. എസ്. എന്നീ വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇത്തരം സ്കൂളുകൾക്ക് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളോ, വിദ്യാഭ്യാസ വകുപ്പിന്റെയോ മറ്റു വകുപ്പുകളുടെയോ മേൽ നോട്ടം ഉണ്ടോ എന്നു വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രൈമറി വിഭാഗം ക്ലാസ്സുകളിലെ ആകെ കുട്ടികൾ</u>

4246 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രൈമറി വിഭാഗം ഇംഗ്ലീഷ് മിഡിയം ക്ലാസുകളിൽ ആകെ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നറിയിക്കാമോ;

(ബി) പ്രസ്തുത കുട്ടുകൾക്ക് പൊതു പാഠ്യപദ്ധതി നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള സംവിധാനമുണ്ടാകുമോ; വ്യക്തമാക്കാമോ;

(ഡി) ഈ വിഭാഗത്തിൽപെടുന്ന കുട്ടികൾ സ്വകാര്യകമ്പനികളുടെ പാഠ്യപുസ്തകങ്ങൾ വാങ്ങുവാൻ നിർബന്ധിതരാകുന്ന സാഹചര്യ ത്തിൽ പ്രൈമറി തലത്തിലെ മറ്റുകുട്ടികൾക്ക് ലഭിക്കുന്ന 'സൗജന്യമായി പാഠപുസ്തകം' എന്ന ആനുകൂല്യം നിഷേധിക്കപ്പെടുന്നു എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അത് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

<u>**മലപ്പുറം ജില്ലയിൽ കൂടുതൽ വിദ്യാഭ്യാസ ജില്ലകൾ**</u>

**4247 ശ്രീ. കെ.എൻ.എ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കൂടുതൽ വിദ്യാഭ്യാസ ജില്ലകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ ജില്ലകൾ അനുവദിക്കുന്നത് അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും എണ്ണവും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണവും നോക്കിയാണോ എന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ അതിനനുസരിച്ചുള്ള എണ്ണം വിദ്യാഭ്യാസ ജില്ലകൾ മലബാറിൽ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**വിദ്യാഭ്യാസ ജില്ലകൾ**

**4248 ശ്രീ. റ്റി.എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതിയ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാഭ്യാസ ജില്ലകളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**അരൂര്‍ മണ്ഡലത്തിലെ സ്കൂളുകളില്‍ +2 അനുവദിക്കാന്‍ നടപടി**

4249 **ശ്രീ. എ.എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അരൂര്‍ മണ്ഡലത്തിലെ തേവര്‍തോട്ടം ഗവ: എച്ച്.എസ്, സെന്റ് മേരീസ് എച്ച്.എസ് മണപ്പുറം, എസ്.എം.ജെ.എച്ച്.എസ് തൈക്കാട്ടുശ്ശേരി, സെന്റ് റാഫേല്‍സ് എച്ച്.എസ് എഴുപുന്ന, പള്ളിത്തോട് സെന്റ് സെബാസ്റ്റ്യന്‍ എച്ച്.എസ് എന്നീ സ്കൂളുകളില്‍ +2 അനുവദിക്കണമെന്ന അരൂര്‍ എംഎല്‍എ യുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ആയതിന്‍മേല്‍ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സര്‍ക്കാര്‍ എയിഡഡ് മേഖലകളില്‍ ഒരു +2 സ്കൂള്‍ പോലും ഇല്ലാത്ത പഞ്ചായത്തുകളില്‍ +2 തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമെന്ന് മുന്‍ എല്‍.ഡി.എഫ് സര്‍ക്കാര്‍ സഭയില്‍ നല്കിയ ഉറപ്പ് പാലിക്കുന്നതിന് ഈ സര്‍ക്കാര്‍ തുടര്‍ നടപടികള്‍ എന്തെങ്കിലും സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ ഏത് അദ്ധ്യയനവര്‍ഷം മുതലാണ് നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>തയ്യേറി, പെരുമ്പട്ട ഗവണ്‍മെന്റ് ഹൈസ്കൂളുകളുടെ കെട്ടിട നിര്‍മ്മാണ ഫണ്ട്</u>**

4250 **ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

ആര്‍.എം.എസ്.എ. പദ്ധതിയില്‍ ഉള്‍പ്പെടുത്തി അനുവദിച്ച തയ്യേറി, പെരുംമ്പട്ട ഗവണ്‍മെന്റ് ഹൈസ്ക്കൂളുകളുടെ കെട്ടിട നിര്‍മ്മാണത്തിനുളള ഫണ്ട് നാളിതുവരെ ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**തൃശ്ശൂർ, കൊല്ലം ജില്ലകളിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകളിലെ ഒഴിവുകൾ**

4251 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, കൊല്ലം ജില്ലകളിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**എൽ. പി., യു. പി., ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലങ്ങൾ പുനഃക്രമീകരണം**

**4252 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കേരളത്തിലും എൽ. പി., യു. പി., ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലങ്ങൾ പുനഃക്രമീകരിക്കുവാനും വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം നിർത്തലാക്കുവാനും തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പുനഃക്രമീകരണം നടത്തുമ്പോൾ സ്കൂളുകൾ അടച്ചുപൂട്ടപ്പെടുന്ന അവസ്ഥയുണ്ടാകുമോ ; ഹയർസെക്കണ്ടറി സ്കൂളിൽ അവശ്യംവേണ്ട തസ്തികകൾ ഇല്ലാത്ത അവസ്ഥ ഇതോടെ പരിഹരിക്കപ്പെടുമോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കൊല്ലം ജില്ലയിൽ എച്ച്എസ്എ (മലയാളം) തസ്തികയിൽ ഒഴിവുകൾ**

4253 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എച്ച്എസ്എ (മലയാളം) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) ഏതെല്ലാം സ്കൂളുകളിലാണ് ടി ഒഴിവുകൾ ഉള്ളത്;

(സി) ടി ഒഴിവുകൾ എല്ലാം പിഎസ്സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ ലോവര്‍ പ്രൈമറി സ്കൂളുകളില്‍ എല്‍.പി.എസ്. എ. (മലയാളം) ഒഴിവുകള്‍**

**4254 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കിയ ഗവണ്‍മെന്റ് ലോവര്‍ പ്രൈമറി സ്കൂളുകളില്‍ എല്‍.പി. എസ്. എ. (മലയാളം)യുടെ എത്ര ഒഴിവുകള്‍ റിപ്പോര്‍ട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂളിന്റെ പേരും അധ്യാപകരുടെ ഒഴിവുകളുടെ എണ്ണവും ഉപജില്ലതിരിച്ച് വെളിപ്പെടുത്തുമോ;

(സി) കോഴിക്കോട് ജില്ലയിലെ ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കിയ സ്കൂളുകളിലെ എല്‍. പി. എസ്. എ. (മലയാളം) അധ്യാപകരുടെ ഒഴിവുകള്‍ മുഴുവന്‍ പി. എസ്. സി.യ്ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കില്‍ റിപ്പോര്‍ട്ട് ചെയ്യുന്നതിനും ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കൊയിലാണ്ടി മണ്ഡലത്തിലെ സ്കൂളുകളിലെ ലബോറട്ടറി സൗകര്യങ്ങൾ**

**4255 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള ലബോറട്ടറി സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിലെ സർക്കാർ ഹൈസ്കൂളുകളിൽ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തും മറ്റ് എൽ.എസ്.ജി.ഡി സ്ഥാപനങ്ങളുടെയും 2011-2012, വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കുമോ;

(സി) 2012-2013 വർഷത്തിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഹൈസ്കൂളിലെ ലാബ് ലബോറട്ടറി സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ലാബ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ/പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>കൊയിലാണ്ടിയിലെ പ്രീപ്രൈമറി വിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും പദ്ധതികൾ</u>**

**4256 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ അംഗീകൃത/സർക്കാർ പ്രീപ്രൈമറി വിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ എന്തെല്ലാമെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടുവന്നിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കുമോ;

(ബി) കൊയിലാണ്ടിയിൽ എത്ര ഗവൺമെന്റ് പ്രീപ്രൈമറി വിദ്യാലയങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ;

(സി) കൊയിലാണ്ടിയിലെ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പ്രീപ്രൈമറി സ്കൂളിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഗവ: സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ**

4257 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ എയിഡഡ് ഗവ: സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുന്നതിനുള്ള വ്യവസ്ഥയും മാനദണ്ഡവും വിശദമാക്കാമോ;

(ബി) ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക അദ്ധ്യാപകരെ നിയമിക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ബാച്ച് അനുവദിച്ചു. പഴയവ്യവസ്ഥയിൽ നിന്നും ഈ സർക്കാർ ഇളവ് വരുത്തി ഉത്തരവ് നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>കോഴിക്കോട് ജില്ലയിൽ സർക്കാർ എൽ.പി.സ്കൂളുകളിൽ എൽ.പി.എസ്.എ മലയാളം അദ്ധ്യാപകരുടെ ഒഴിവുകൾ</u>**

**4258 ശ്രീ. എ.കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സർക്കാർ എൽ.പി.സ്കൂളുകളിൽ നിന്ന് എസ്.എസ്.എയിലും മറ്റിടങ്ങളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന എൽ.പി.എസ്.എ. മലയാളം അദ്ധ്യാപകർക്ക് പകരമായി എത്ര എൽ.പി.എസ്.എ. മലയാളം അദ്ധ്യാപകരുടെ ഒഴിവുകൾ ഈ അദ്ധ്യയനവർഷം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സ്കൂളിന്റെ പേര് എൽ.പി.എസ്.എ മലയാളം അദ്ധ്യാപകരുടെ ഒഴിവുകളുടെ എണ്ണം എന്നിവ ഉപജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(സി) മേൽപ്പറഞ്ഞവയിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളെത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ തസ്തികകളിൽ നിയമന നടപടികൾ വൈകുന്നതിന്റെ കാരണം വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വേളമാന്നൂർ ഗവൺമെന്റ് യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി**

4259 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജ മണ്ഡലത്തിലെ വേളമാന്നൂർ ഗവൺമെന്റ് യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള അപേക്ഷ ആർ.എം.എസ്.എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്ക് ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ ആരുടെ നിർദ്ദേശപ്രകാരമാണ് അപ്ഗ്രഡേഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നതെന്നും സ്കൂൾ തെരഞ്ഞെടുക്കുന്ന തിലേയ്ക്ക് സ്വീകരിച്ച മാനദണ്ഡം എന്താണെന്നും അറിയിക്കുമോ ;

(സി) അപ്ഗ്രഡേഷനുള്ള അപേക്ഷ കൊല്ലം ജില്ലയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നാണ് പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിച്ചതെന്ന് അറിയിക്കുമോ ; ഈ കാര്യത്തിൽ നാളിതുവരെ എന്ത് നടപടിയാണ് ബന്ധപ്പെട്ടവർ സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ ആ വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നുവോ ; വിശദവിവരം അറിയിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

ചാത്തന്നൂർ മണ്ഡലത്തിൽ റ്റി. ആർ. പി. പദ്ധതി

4260 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ റ്റി. ആർ. പി. പദ്ധതി പ്രകാരം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച തുകയിൽ ഇനിയും പണി പൂർത്തീകരിച്ച് തുക ചെലവഴിക്കാത്ത എത്ര സ്കൂളുകളാണ് ഉള്ളതെന്നും, സ്കൂളുകളുടെ പേരും, തുകയും ഉൾപ്പെടെ അറിയിക്കുമോ;

(ബി) റ്റി. ആർ. പി. പദ്ധതി പ്രകാരമുള്ള തുക വിനിയോഗിക്കുന്നതിലേയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്നാണ്; ഈ സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്തത് കുറ്റകരമായ അനാസ്ഥയാണെന്നുള്ള വിവരം സർക്കാരിന് ബോദ്ധ്യമുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സർക്കാർ സ്വീകരിക്കും;

(സി) റ്റി. ആർ. പി. പദ്ധതി പ്രകാരം തുക അനുവദിക്കുകയും, എസ്റ്റിമേറ്റ് തയ്യാറാക്കുകയും കരാർ വച്ച് പണി ആരംഭിക്കുകയും ചെയ്തശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകുവാൻ നിയമം അനുവദിക്കുന്നുണ്ടോ; അതിലേക്ക് ആവശ്യമായ തുക പ്രസ്തുത പദ്ധതിയിൽ ശേഷിക്കുന്നുവോ; മേൽനടപടി എന്താണ്;

(ഡി) ഈ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ശേഷവും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിലേയ്ക്ക് നടപടി സ്വീകരിക്കുന്നുവെന്ന് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ പറയുന്നത് ന്യായീകരിക്കത്തക്കതാണോ; ഈ വിവരം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തുടർന്നുവരുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലേയ്ക്ക് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### കോഴിക്കോട് ജില്ലയിൽ എൽ.പി.എസ്.എ മലയാളം അദ്ധ്യാപകരുടെ ഒഴിവുകൾ

4261 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 31.3.2012 ന് ശേഷം എത്ര ഗവൺമെന്റ് എൽ.പി.എസ്.എ മലയാളം അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ട്; സ്കൂളിന്റെ പേര്, എൽ.പി.എസ്.എ മലയാളം അദ്ധ്യാപകരുടെ ഒഴിവുകളുടെ എണ്ണം, ഉപജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) 2012 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി എത്ര ഗവൺമെന്റ് എൽ.പി.എസ്.എ മലയാളം അദ്ധ്യാപകർ, ഹെഡ്മാസ്റ്റർമാർ റിട്ടയർ ചെയ്യുന്നുണ്ട്; സ്കൂളിന്റെ പേര്, എൽ.പി.എസ്.എ/എച്ച്.എം ഒഴിവുകളുടെ എണ്ണം ഉപജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) 31.3.12 ന് ശേഷം ഗവൺമെന്റ് എൽ.പി.എസ്.എ മലയാളം അദ്ധ്യാപകർ പ്രൊമോഷൻ ആയതു മൂലവും, അന്തർജില്ലാ സ്ഥലമാറ്റം വഴിയും എത്ര ഒഴിവുകൾ ഉണ്ട്;

(ഡി) മുകളിൽ കൊടുത്തവയിൽ നിന്ന് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളെത്ര; നിയമന നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ഉറുദു ഭാഷാദ്ധ്യാപക തസ്തിക നികത്താൻ നടപടി</u>

4262 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചൊവ്വ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളിൽ ഉറുദു ഭാഷാദ്ധ്യാപക തസ്തികയിൽ നിലവിലുണ്ടായിരുന്ന ഫുൾടൈം ടീച്ചർ പെൻഷൻ പറ്റി പിരിഞ്ഞതിനു ശേഷം പ്രസ്തുത തസ്തികയിലെ ഒഴിവിലേയ്ക്ക് പകരം നിയമനം നടത്തുകയുണ്ടായോ എന്നും പ്രസ്തുത നിയമനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചോയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സ്കൂൾ സന്ദർശനം നടത്തിയതാണെന്നും വിദ്യാർത്ഥികളും പീരിയഡുകളും ഫുൾടൈം ഉറുദുഭാഷാദ്ധ്യാപക തസ്തികയുടെ അംഗീകാരത്തിനുതകും വിധം ഉണ്ടെന്നു കണ്ടെത്തുകയും ചെയ്തോയെന്നു വ്യക്തമാക്കുമോ;

(സി) ഹയർ ലെവൽ പരിശോധന ഉൾപ്പെടെ മാനദണ്ഡങ്ങൾ പ്രകാരം വിദ്യാർത്ഥിയും പിരിയഡുകളും ഉണ്ടെന്നു കണ്ടെത്തിയിട്ടും ഫുൾടൈം ഉറുദുഭാഷാദ്ധ്യാപക തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. പി.കെ. സമീറയുടെ നിയമനാംഗീകാരത്തിനു കാലതാമസം നേരിടുന്നതെന്താണെന്നു വ്യക്തമാക്കുമോ;

(ഡി) ശ്രീമതി പി.കെ. സമീറക്കു ഫുൾടൈം ഉറുദു ഭാഷാദ്ധ്യാപികയായി നിയമനാംഗീകാരം നൽകുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**അറബിക് അധ്യാപക തസ്തിക**

**4263** **ശ്രീ. പി.ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പദ്ധതിയിൻ കീഴിൽ പുതുതായി അനുവദി ക്കുകയും കഴിഞ്ഞ അധ്യയനവർഷം പ്രവർത്തനമാരംഭിക്കുകയും ചെയ്ത ഹൈസ്കൂളുകളിൽ അറബിക് അധ്യാപക തസ്തിക അനുവദിക്കാത്തതിനാൽ അറബിക് പഠിപ്പിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്കൂളുകളിൽ നടപ്പ് അധ്യയനവർഷം തന്നെ അറബിക് അധ്യാപക തസ്തിക സൃഷ്ടിച്ച് അറബിക് പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നല്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ആശ്രിത നിയമന പദ്ധതി</u>

4264 **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ -എയ്ഡഡ് സ്കൂളുകളിൽ ഇപ്പോൾ നിലവിലുള്ള ആശ്രിത നിയമന പദ്ധതി എയ്ഡഡ് കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇതിനെന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(സി) പ്രസ്തുത ആവശ്യം ഉന്നയിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം അപേക്ഷകളിൽ പ്രത്യേകം ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സംസ്ഥാന സാക്ഷരതാ മിഷന്‍ അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. കെ. സോമനെതിരെ വിജിലന്‍സ് അന്വേഷണം**

4265 **ശ്രീ. എ. കെ. ശശീന്ദ്രന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഇടുക്കി ജില്ലാ സാക്ഷരതാ മിഷന്‍ മുന്‍ ജില്ലാ കോ-ഓര്‍ഡിനേറ്ററും ഇപ്പോള്‍ സംസ്ഥാന സാക്ഷരതാ മിഷന്‍ അസിസ്റ്റന്റ് ഡയറക്ടറുമായ ശ്രീ. കെ. സോമനെതിരെ വിജിലന്‍സ് അന്വേഷണം നടത്തണമെന്ന ഇടുക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 10.08.2010 ലെ യോഗ തീരുമാനം സര്‍ക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തില്‍ സംസ്ഥാന സാക്ഷരതാമിഷന്‍ ഡയറക്ടറില്‍ നിന്ന് റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ; എങ്കില്‍ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റേയും ഡയറക്ടറുടെ റിപ്പോര്‍ട്ടിന്റേയും അടിസ്ഥാനത്തില്‍ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### സ്വകാര്യ വിദ്യാലയങ്ങളിൽ ഒളികൃാമറകൾ

4266

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചില സ്വകാര്യ വിദ്യാലയങ്ങളിൽ ഒളികൃാമറകൾ സ്ഥാപിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ നിരീക്ഷിക്കുവാൻ ഒളികൃാമറകൾ സ്ഥാപിക്കുന്നത് നിയമ വിധേയമാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഒളികൃമാറകൾ സ്ഥാപിക്കുന്നത് നിരീക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) വിദ്യാർത്ഥികളെ മാനസികമായി പീഡിപ്പിക്കുന്ന ഇത്തരം നടപടികൾ നിരോധിക്കുന്നതിനും അത് ലംഘിക്കുന്ന മാനേജ്മെന്റിനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഹയർ സെക്കന്ററി പാഠ്യപദ്ധതി പരിഷ്കരണം**

**4267 ശ്രീമതി കെ.എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയനവർഷം (2013-14) മുതൽ ഹയർ സെക്കന്ററി പാഠ്യപദ്ധതി പരിഷ്കരണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; നിലവിലെ പ്ലസ് വൺ, പ്ലസ് ടു സിലബസ്സിലെ എല്ലാ വിഷയങ്ങളിലുമുള്ള മാറ്റമാണോ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പരിഷ്കരണ നടപടികൾ എപ്രകാരം നടത്തി പാഠ്യപദ്ധതിയിൽ മാറ്റം വരുത്താനാണ് ആലോചിക്കുന്നത്;

(സി) പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവരിൽ നിന്നും അഭിപ്രായം ആരായാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിലേയ്ക്കായി എത്ര ഹയർ സെക്കന്ററി സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; സർക്കാർ, എയ്ഡഡ്,അൺ എയ്ഡഡ് എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലയിൽ പുതിയതായി അനുവദിച്ച ഹയർസെക്കണ്ടറി ബാച്ചുകൾ**

4268 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിഭ്യാദ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം ആലപ്പുഴ ജില്ലയിലെ ഏതെല്ലാം സ്കൂളുകളിൽ പുതിയതായി ഹയർസെക്കന്ററി ബാച്ചുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) കുട്ടനാട് താലൂക്കിലെ ഏതെല്ലാം സ്കുളുകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിക്കുവാനുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഹയർസെക്കന്ററി അനുവദിക്കുന്നതിന് റ്റി. എം. റ്റി. എച്ച്. എസ്. തലവടി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്കുളിൽ ഹയർസെക്കന്ററി അനുവദിക്കുന്നതിന് അനുകൂലമായി ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു. പി. 21645 / 2000-ആ വിധി നടപ്പിലാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ഇ) വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടനാട്ടിലെ തലവടി പ്രദേശത്തെ പ്രസ്തുത സ്കൂളിൽ ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>പ്ലസ് വൺ അലോട്ട്മെന്റിലെ അപാകത</u>**

**4269**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ അലോട്ടുമെന്റിലെ അപാകതമൂലം, സംസ്ഥാന സിലബസിൽ പഠിച്ച് പാസായ വിദ്യാർത്ഥികൾ പിൻതളളപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**2010-ൽ അനുവദിച്ചിട്ടുള്ള +2 ബാച്ചിൽ നിയമിതരായ അധ്യാപകരുടെ തസ്തികകൾ**

**4270 ഡോ.കെ.ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2010-ൽ അനുവദിച്ചിട്ടുള്ള +2 ബാച്ചിൽ നിയമിതരായ അധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതേ കോഴ്സുകൾ അനുവദിച്ച സ്കൂളുകളിൽ അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര അനധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തത് എന്ന് വിശദമാക്കാമോ;

(ഡി) ഇത്തരം അനധ്യാപക തസ്തികകൾ ആവശ്യമായിടത്ത് ഇപ്പോൾ എങ്ങനെയാണ് ലാബ് അസിസ്റ്റന്റ്മാരുടെ സേവനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സ്കൂളിലെ അനധ്യാപക തസ്തികകൾ എന്നത്തേക്ക് സൃഷ്ടിച്ച് ഉത്തരവിറക്കാനാവുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(എഫ്) ഇതിലേക്കായി എത്ര തസ്തികകൾ സൃഷ്ടിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഹയർസെക്കണ്ടറിയിൽ അധിക ബാച്ച് നൽകിയതിൽ തസ്തിക നിർണ്ണയം**

**4271** **ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 അധ്യയനവർഷം കേരളത്തിലെ ഹയർസെക്കണ്ടറി സ്കൂളു കളിൽ അധിക ബാച്ച് നൽകിയതിൽ തസ്തിക നിർണ്ണയം നടത്തി അധ്യാപക നിയമനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അധിക ബാച്ച് നൽകിയ സ്കൂളുകളിൽ നിന്നും ഹയർസെക്കണ്ടറി യിലേക്ക് ഉദ്യോഗക്കയറ്റത്തിന് അനുപാതം നിശ്ചയിച്ചിട്ടു ണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഉദ്യോഗക്കയറ്റത്തിന് അനുപാതം പാലിക്കാത്ത മാനേജ്മെന്റിന് എതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ അധ്യയനവർഷം അധിക ബാച്ച് ഹയർസെക്കണ്ടറിയിൽ നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഹയർ സെക്കന്ററി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തിക**

**4272** **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കുട്ടികൾ പഠിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലാണ് ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഹയർ സെക്കന്ററിയുടെ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടും ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള തടസ്സമെന്താണ്; വിശദാംശം നൽകുമോ;

(സി) ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ച് പി.എസ്.സി. വഴി നിയമനം നടത്താനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഹയർ സെക്കന്ററി സ്കൂൾ**

4273 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഹയർ സെക്കന്ററി സ്കൂൾ ഇല്ലാത്ത എത്ര പഞ്ചായത്തുകളുണ്ട്; അവ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്തതു കാരണം പ്രസ്തുത പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിടം**

4274 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ മുഖ്യമന്ത്രി ഇ.കെ. നായനാർ ഉൾപ്പെടെയുള്ള മഹത് വ്യക്തികൾ പ്രാഥമിക വിദ്യാഭ്യാസം നേടിയതും കെ.പി.ആർ ഗോപാലന്റെ നാമധേയത്തിൽ പ്രവർത്തിക്കുന്നതുമായ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ അടിസ്ഥാന സൗകര്യത്തിനുള്ള കുറവ് പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പഴക്കം ചെന്നതും അപകട ഭീഷണി നേരിടുന്നതുമായ കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടങ്ങൾ പണിയുന്നതിനാവശ്യമായ ഫണ്ട് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കൊടക്കാട് ഗവണ്‍മെന്റ് മോഡല്‍ റസിഡന്‍ഷ്യല്‍ സ്കൂളില്‍ +2 കോഴ്സ്**

4275 **ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാസറഗോഡ് ജില്ലയിലെ ഏക മോഡല്‍ റസിഡന്‍ഷ്യല്‍ സ്കൂളായ കൊടക്കാട് ഗവ:മോഡല്‍ റസിഡന്‍ഷ്യല്‍ സ്കൂളില്‍ +2 കോഴ്സ് ആരംഭിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങള്‍ ഉണ്ടായിട്ടും +2 കോഴ്സ് അനുവദിക്കാന്‍ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഇവിടെ +2 കോഴ്സ് എപ്പോള്‍ ആരംഭിക്കാന്‍ കഴിയുമെന്ന്
വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക**

**4276 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ തസ്തികയിലെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കന്ററി സ്കൂളുകളിലും ലൈബ്രേറിയൻമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഹയർ സെക്കന്ററി സ്കൂളുകളിൽ ഒഴിവുള്ള ലാബ് അസിസ്റ്റന്റുമാരുടെ തസ്തിക നികത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനം

4277

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷമായി സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ പ്രിൻസിപ്പൽ നിയമനം നടത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>ഹയർ സെക്കണ്ടറി സ്ക്കൂൾ അദ്ധ്യാപകരുടെ സ്ഥലം മാറ്റം</u>**

**4278 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഹയർ സെക്കണ്ടറി സ്ക്കൂൾ അദ്ധ്യാപകരുടെ സ്ഥലം മാറ്റം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) മേൽ ഉത്തരവ് എന്ത് മാനദണ്ഡം അനുസരിച്ചാണ് ഇറക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സ്ഥലംമാറ്റ ഉത്തരവ് ഇറക്കുന്നതിന് മുമ്പ് തയ്യാറാക്കിയ പ്രൊവിഷണൽ ലിസ്റ്റിനെ കുറിച്ച് വ്യാപകമായ പരാതികൾ ലഭിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഈ പരാതികളെക്കുറിച്ച് അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; കമ്മറ്റിയിലെ അംഗങ്ങൾ ആരൊക്കെയായിരുന്നു;

(ഇ) ഇതു സംബന്ധിച്ച് കമ്മിറ്റി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; കമ്മിറ്റിയുടെ കണ്ടെത്തൽ എന്തായിരുന്നു; വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) കമ്മിറ്റിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ ലിസ്റ്റിൽ മാറ്റം വരുത്തിയാണോ അന്തിമ സ്ഥലം മാറ്റ ഉത്തരവ് ഇറക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വി..എച്ച്.എസ്. ഡെന്റൽ ടെക്നോളജി ഡെന്റൽ ഹൈജനിസ്റ്റ്, ഡെന്റൽ മെക്കാനിക് കോഴ്സുകൾ**

4279 **ശ്രീ. എ. റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജി.ഒ (എം.എസ്) ചീ. 64/10 ജനറൽ എജ്യൂക്കേഷൻ തീയതി 21.4.12 പ്രകാരം വൊക്കേഷണൽ ഹയർ സെക്കന്ററി, ഡെന്റൽ ടെക്നോളജി പാസ്സായവർക്ക് ഒരു വർഷത്തെ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗിന് ശേഷം ഡെന്റൽ ഹൈജനിസ്റ്റ്, ഡെന്റൽ മെക്കാനിക് എന്നീ കോഴ്സുകൾക്ക് തുല്യമാക്കിക്കൊണ്ടുള്ള ഉത്തരവനുസരിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതുവരെ ഭേദഗതി ചെയ്യാത്തതെന്നും എപ്പോൾ ഭേദഗതി ചെയ്യുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കാവാലം ടെക്നിക്കൽ സ്കൂൾ തെക്കേകര ഗവൺമെന്റ് ഹൈസ്കൂൾ കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

4280 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാവാലം ടെക്നിക്കൽ സ്കൂൾ തെക്കേകര ഗവൺമെന്റ് ഹൈസ്കൂൾ കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികളുടെ പകർപ്പ് ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>വി. എച്ച്. എസ്. ഇ. വിദ്യാർത്ഥികൾക്ക് തൊഴിൽ പ്രാവീണ്യം</u>**

**4281**

**ശ്രീ. എം. എ. ബേബി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വി. എച്ച്. എസ്. ഇ. പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അതത് തൊഴിൽ മേഖലയിൽ ആവശ്യമായ പ്രാവീണ്യം നേടാൻ എന്തെല്ലാം നടപടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) വി. എച്ച്. എസ്. ഇ. സ്കൂളുകൾ പുതുതായി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളിൽ കുട്ടികളുടെ കുറവ്**

4282

**ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളിൽ ഏതെങ്കിലും വിഷയങ്ങളിൽ കുട്ടികളുടെ കുറവ് ഉളള തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വി. എച്ച്. എസ്. ഇ. കോഴ്സുകൾ നിർത്തലാക്കുന്ന തിന് വേണ്ടി എന്തെങ്കിലും സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ;

(സി) സ്വന്തമായി പ്രിൻസിപ്പാളിനെ നിയമിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കോഴ്സിന്റെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ;

(ഇ) വി. എച്ച്. എസ്. ഇ. വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറിഇക്വലൻസി സർട്ടിഫിക്കറ്റ് നല്കുന്നതിനുളള നട പടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**തക്കരിപ്പൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം**

**4283 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് മലബാർ പാക്കേജിൽപ്പെടുത്തി അനുവദിച്ച കെട്ടിടം, പണി ഏറ്റെടുത്ത കരാറുകാരൻ പ്രസ്തുത പ്രവൃത്തിയിൽ നിന്നും മാറി നിൽക്കാനും പ്രസ്തുതതടസ്സപ്പെടാനും ഇടയായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>നിർദ്ദിഷ്ട മലയാളം സർവ്വകലാശാലയിൽ ആരംഭിക്കുന്ന കോഴ്സുകൾ</u>**

4284 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർദ്ദിഷ്ട മലയാളം സർവ്വകലാശാലയിൽ ഏത് നിലവാരത്തിലുള്ള കോഴ്സുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>സാക്ഷരതാ യജ്ഞം</u>

4285 ശ്രീ. പി.എ. മാധവൻ
,, വി.റ്റി. ബൽറാം
,, വർക്കല കഹാർ
,, സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നിരക്ഷരർ ഉണ്ടെന്നാണ് 2011 ലെ സെൻസസ് അനുസരിച്ച് കണക്കാക്കിയിരിക്കുന്നത്;

(ബി) ഇവർ ഏതെല്ലാം മേഖലയിലുള്ളവരാണ്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സാക്ഷരതാ യജ്ഞം പുനരാംരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**എഞ്ചിനീയറിംഗ് ദേശീയ പൊതു പ്രവേശന പരീക്ഷ**

4286 **ശ്രീ. മുല്ലക്കര രത്നാകരൻ**
**,, കെ. അജിത്**
**,, പി. തിലോത്തമൻ**
**ശ്രീമതി. ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**എഞ്ചിനീയറിംഗ് ദേശീയ പൊതു പ്രവേശന പരീക്ഷയോട് സന്നദ്ധതയുള്ള സംസ്ഥാനങ്ങൾക്ക് യോജിക്കാമെന്നും, അല്ലാത്തവർക്ക് വിട്ടുനിൽക്കാമെന്നുമുള്ള അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജദ്ധ്യാപകര്‍ക്കും, അനദ്ധ്യാപകര്‍ക്കും സര്‍ക്കാര്‍ നിരക്കില്‍ വേതനം</u>**

**4287** **ശ്രീ. എ. റ്റി. ജോര്‍ജ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകര്‍ക്കും, അനദ്ധ്യാപകര്‍ക്കും സര്‍ക്കാര്‍ നിശ്ചിതനിരക്കില്‍ വേതനം നല്‍കണമെന്ന് ഉത്തരവായിട്ടുണ്ടോ;**

(ബി) **ഉണ്ടെങ്കില്‍ പ്രസ്തുത ഉത്തരവിന്റെ പകര്‍പ്പ് നല്‍കാമോ ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>മെഡിക്കൽ - എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്ക്</u>**

**4288** **ശ്രീ. സി. ദിവാകരൻ**
**,, ജി. എസ്. ജയലാൽ**
**,, കെ. രാജു**
**,, ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ - എഞ്ചിനീയറിംഗ് കോഴ്സുകളുടെ പ്രവേശനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്ക് എത്രയാണ്;

(ബി) എൻ.ആർ.ഐ. സീറ്റിൽ പ്രവേശനം ലഭിക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്;

(സി) മുഴുവൻ സീറ്റിലും മാനേജ്മെന്റ് ഫീസ് വാങ്ങുന്നതിന് ഏതെങ്കിലും മാനേജ്മെന്റുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സാങ്കേതിക സർവ്വകലാശാല**

**4289 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സാങ്കേതിക സർവ്വകലാശാല ഏതു ജില്ലയിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ നടത്തിപ്പ് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>സര്‍വ്വകലാശാലാ പരീക്ഷകള്‍ക്കും ഫലപ്രഖ്യാപനത്തിനും ഏകീകൃത കലണ്ടര്‍</u>**

4290 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, റ്റി. എന്‍. പ്രതാപന്‍
,, കെ. മുരളീധരന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വിവിധ സര്‍വ്വകലാശാലകളുടെ കീഴിലുളള കോളേജുകളിലും പഠനകേന്ദ്രങ്ങളിലും പരീക്ഷകളും ഫല പ്രഖ്യാപനവും അകാരണമായി വൈകുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പരീക്ഷാഫലങ്ങള്‍ നിശ്ചിത സമയത്തിനുളളില്‍ പ്രസിദ്ധീകരിക്കണമെന്ന് സര്‍വ്വകലാശാലകള്‍ക്ക് ഹൈക്കോടതി നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ ;

(സി) ഇക്കാര്യത്തില്‍ വിദ്യാര്‍ത്ഥികള്‍ക്കും രക്ഷിതാക്കള്‍ക്കും ഉണ്ടായിട്ടുളള ആശങ്ക അകറ്റുന്നതിന് എന്തെല്ലാം കര്‍മ്മപരിപാടികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) വിവിധ സര്‍വ്വകലാശാലകള്‍ നടത്തുന്ന പരീക്ഷകള്‍ക്കും ഫലപ്രഖ്യാപനത്തിനും ഏകീകൃത കലണ്ടര്‍ ഉണ്ടാക്കുവാന്‍ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (കേരള) സാറ്റലൈറ്റ് കാമ്പസ്**

4291 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, റ്റി. എൻ. പ്രതാപൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (കേരള) സാറ്റലൈറ്റ് കാമ്പസ് ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണ് ഇത് ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് പറയാമോ;

(സി) പ്രസ്തുത കാമ്പസ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത കാമ്പസ്സിനുവേണ്ടി സ്ഥലം വിട്ടുനൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത കാമ്പസ്സ് താൽക്കാലികമായി എവിടെയാണ് പ്രവർത്തിക്കാനുദ്ദേശിക്കുന്നത്; പ്രസ്തുത കാമ്പസ്സിൽ പ്രവേശനം എന്ന് മുതൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.06.2012 -ലെ മറുപടിക്ക്

## നാഷണൽ സർവ്വീസ് സ്കീം

4292 ശ്രീ. എം. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസമേഖലയിൽ നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനം കൊണ്ടുണ്ടായ ഗുണപരമായ മാറ്റം വിലയിരുത്തിയിട്ടുണ്ടോ;

(ബി) നാഷണൽ സർവ്വീസ് സ്കീമിൽ ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനും, അവർക്ക് രാഷ്ട്രസേവനത്തിൽ കൂടുതൽ താല്പര്യം ജനിപ്പിക്കാനും, സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഇതിനായി രൂപീകരിച്ചിട്ടുള്ള ഉപദേശകസമിതി ഇതു സംബന്ധിച്ച് ശുപാർശകളോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>നോളജ് സിറ്റി</u>**

4293 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**
**,, റ്റി. വി. രാജേഷ്**
**,, ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോളജ് സിറ്റി എന്ന പേരിൽ വിദേശ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇതിനായി വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരുമായും അദ്ധ്യാപക-വിദ്യാർത്ഥി പ്രതിനിധികളുമായും സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ. എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>പുതിയ പോളിടെക്നിക്കുകൾ</u>**

4294 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, ബാബു എം. പാലിശ്ശേരി
,, ജെയിംസ് മാത്യു
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് പോളിടെക്നിക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര സ്ഥാപനങ്ങൾ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; കേന്ദ്ര നിർദ്ദേശം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലായിരിക്കുമോ; വിശദവിവരങ്ങൾ നൽകാമോ; അല്ലെങ്കിൽ ഏത് മാനദണ്ഡപ്രകാരമുളള സംവിധാനത്തിലായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ പോളിടെക്നിക് ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങൾ ഇതിനായി പരിഗണിക്കാമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സാക്ഷരതാ മിഷന്റെ പ്രവർത്തനം**

4295 ശ്രീ. വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) വികസനത്തിലധിഷ്ഠിതമായ പുതിയ ആജീവന വിദ്യാഭ്യാസത്തിന് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) വികസനത്തിന് കൂടുതൽ കരുത്ത് പകരുവാൻ സാക്ഷരതാ മിഷനെ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**യൂണിവേഴ്സിറ്റി ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള മാനദണ്ഡം**

**4296** **ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള ഭൂമി ഇതുവരെ ഏതെല്ലാം സര്‍ക്കാരിതര സംഘടനകള്‍ക്ക് വിട്ടുകൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരള യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള ഭൂമി നാളിതുവരെയായി ഏതെല്ലാം സര്‍ക്കാരിതര സംഘടനകള്‍ക്ക് വിട്ടുകൊണ്ടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) യൂണിവേഴ്സിറ്റികളുടെ അധീനതയിലുള്ള ഭൂമി രാഷ്ട്രീയ പാര്‍ട്ടികള്‍ കൈക്കലാക്കിയിട്ടുണ്ടെങ്കില്‍ ആയത് തിരിച്ച് പിടിക്കാനാവശ്യമായ അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിഷ്ക്കാരങ്ങൾ</u>**

**4297 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയ വിവിധ പരിഷ്ക്കാരങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) പുതുതായി ഏതെല്ലാം കേന്ദ്ര, സംസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് ആരംഭിക്കുന്നത്;

(സി) ഓരോന്നും എവിടെയാണെന്നും അതിനായി എന്തു തുക നീക്കിവെച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) അവയുടെ സ്ഥലമെടുപ്പ്, നിർമ്മാണം, കോഴ്സുകൾ ആരംഭിക്കൽ എന്നിവ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>കോളേജുകളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം</u>**

**4298 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലെ ഭാഷാ പഠനകോഴ്സുകളിൽ നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയെന്ന് അറിയിക്കാമോ;

(ബി) ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരള യൂണിവേഴ്സിറ്റിയുടെ റൂൾസ് ആന്റ് റഗുലേഷനിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:50 എന്ന് നിർണ്ണയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത അനുപാതം എല്ലാ സർക്കാർ കേളേജുകളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത അനുപാതം കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ ഈ അദ്ധ്യയനവർഷം തന്നെ നടപ്പാക്കുമോ; അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ദേശീയ പൊതു എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ</u>

4299 **ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള സിലബസിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) സാമൂഹിക/സാമ്പത്തിക നീതി ഉറപ്പുവരുത്തുന്ന രീതിയിൽ വിദ്യാർത്ഥി കേന്ദ്രീകൃതമായിട്ടാണോ പ്രസ്തുത പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള ദേശീയ പൊതു പരീക്ഷയിൽ നിന്നും കേരളം വിട്ടുനിൽക്കുന്നത് ശരിയാണോ; വ്യക്തമാക്കുമോ;

(ഇ) ഐ. ഐ. ടി., എൻ. ഐ.ഐ. ടി., ഐ. ഐ. ഐ. ടി. എന്നിവയിലേക്ക് കേരളത്തിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാൻ ദേശീയ പൊതു പ്രവേശന പരീക്ഷ ഗുണം ചെയ്യുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സമീപനം സ്വാശ്രയമേഖലയിൽ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായിട്ടാണോ; വ്യക്തമാക്കുമോ;

(ജി) ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്ക്കാരങ്ങൾക്ക് രൂപം നൽകുമ്പോൾ ഇത്തരത്തിലുള്ള ദേശീയ പൊതു പ്രവേശന പരീക്ഷകൾക്ക് കഴിയുന്നത്ര പ്രോത്സാഹനം നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>നിലവാരം കുറഞ്ഞ സ്വാശ്രയ കോളേജുകള്‍</u>

4300 **ശ്രീ. കെ. കെ. നാരായണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നിലവാരം കുറഞ്ഞ സ്വാശ്രയ കോളേജുകള്‍ സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം**

**4301 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഈ വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതി എന്തെങ്കിലും പരാമർശം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ബന്ധപ്പെട്ട പഠനറിപ്പോർട്ടിന്മേലും, കോടതി പരാമർശത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>എയ്ഡഡ് കോളേജുകളിൽ പുതുതായി അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ</u>**

**4302 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 1997 ന് ശേഷം എയ്ഡഡ് കോളേജുകളിൽ പുതുതായി അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഇവയ്ക്ക് ആനുപാതികമായും പുതിയ കോഴ്സുകൾക്ക് ആനുപാതികമായും എയ്ഡഡ് കോളേജുകളിൽ അനദ്ധ്യാപക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഇല്ലെങ്കിൽ അനദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) എങ്കിൽ ഈ സാമ്പത്തിക വർഷത്തിൽ നിയമനം നടത്താമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>സി. എ. ബി.എം കോഴ്സും തുടർ പഠനസാധ്യതയും</u>

4303 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സി. എ. ബി.എം കോഴ്സ് ഏത് വർഷമാണ് സംസ്ഥാനത്തെ പോളിടെക്നിക്കിൽ അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കോഴ്സിന് പി. എസ്. സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കോഴ്സ് പാസ്സായവർക്ക് തുടർപഠനത്തിനും പി. എസ്.സി പരീക്ഷ എഴുതുന്നതിനും പറ്റാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**യൂണിവേഴ്സിറ്റി ലൈബ്രേറിയൻമാരുടെ ഒഴിവുകളും - നിയമനവും**

**4304 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ യൂണിവേഴ്സിറ്റി ലൈബ്രേറിയൻമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) കേരള യൂണിവേഴ്സിറ്റി ലൈബ്രേറിയൻ തസ്തിക വർഷങ്ങളായി ഒഴിഞ്ഞുകിടന്നിട്ടും നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ യൂണിവേഴ്സിറ്റി ലൈബ്രേറിയൻ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ ഉടൻ നിയമനം നടത്തുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കേരള യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനത്തിലെ ക്രമക്കേട്**

**4305**

**ശ്രീ. പി. കെ. ബഷീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരള യൂണിവേഴ്സിറ്റിയില്‍ നടന്ന അസിസ്റ്റന്റ് പരീക്ഷയില്‍ വ്യപകമായ ക്രമക്കേട് നടന്നുവെന്ന ലോകായുക്തയുടെയും മറ്റും കണ്ടെത്തലിന്റെയും ഉത്തരവിന്റെയും അടിസ്ഥാനത്തില്‍ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(ബി) പ്രസ്തുത പരീക്ഷ റദ്ദാക്കുവാനും, അന്ന് പരീക്ഷയെഴുതിയവരെ മാത്രം ഉള്‍പ്പെടുത്തി പുതിയ പരീക്ഷ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തില്‍ സര്‍ക്കാരും യൂണിവേഴ്സിറ്റിയും എന്തെല്ലാം തുടര്‍ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**ധര്‍മ്മടം നിയോജക മണ്ഡലത്തിലെ പിണറായിയില്‍ ഐ.എച്ച്.ആര്‍.ഡി കോളേജുകള്‍**

**4306 ശ്രീ. കെ.കെ. നാരായണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം നിയോജക മണ്ഡലത്തിലെ പിണറായിയില്‍ ഐ.എച്ച്.ആര്‍.ഡി യുടെ അപ്ലൈഡ് സയന്‍സ് കോളേജിനും എഞ്ചിനീയറിംഗ് കോളേജിനുമായി എത്ര ഏക്കര്‍ ഭൂമി ഐ.എച്ച്.ആര്‍.ഡി കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമിയില്‍ പ്രസ്തുത കോളേജുകളുടെ കെട്ടിട നിര്‍മ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഐ. എച്ച്. ആർ.ഡി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കെട്ടിടങ്ങളുടെ അപര്യാപ്തത**

**4307 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ.ഡി യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വരവും ചെലവും തമ്മിൽ പൊരുത്തപ്പെട്ടു പോകുന്നുണ്ടോ;

(ബി) അരൂർ മണ്ഡലത്തിലെ ചേന്നം പള്ളിപ്പുറത്തുള്ള ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ 2011-12 വർഷത്തെ വരവ്-ചെലവ് കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിന് അനുവദിച്ച എം. ടെക് കോഴ്സ് കെട്ടിടം ഇല്ലാത്തതിന്റെ പേരിൽ തുടങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോളേജിന് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഐ. എച്ച്. ആർ.ഡി യുടെ കീഴിൽ ചേന്നം പള്ളിപ്പുറത്ത് പ്രവർത്തിക്കുന്ന ടെക്നിക്കൽ എച്ച്. എസ്. എസിന് മതിയായ കെട്ടിടങ്ങൾ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>പഞ്ചായത്തുവക സ്ഥലത്ത് ഐ.എച്ച.ആർ.ഡി കോളേജ്</u>**

**4308 ശ്രീ.സി.കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകര അഴിയൂർ പഞ്ചായത്തിൽ പഞ്ചായത്തുവക സ്ഥലത്ത് ഈ വർഷം ഐ.എച്ച.ആർ.ഡി കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോളേജിനായി പഞ്ചായത്ത് വക സ്ഥലം നീക്കിവെച്ചിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്ത് എത്രയും വേഗം ഐ.എച്ച്.ആർ.ഡി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഐ. എച്ച്. ആർ. ഡി. അപ്ലൈഡ് സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം**

**4309 ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഐ. എച്ച്. ആർ. ഡി. അപ്ലൈഡ് സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിന് കെട്ടിടം പണിയുന്നതിന് ആവശ്യമായ തുക കണ്ടെത്തിയിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സ്ഥാപനത്തിന് വേണ്ടിയുള്ള കെട്ടിട നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പെരിങ്ങോം ആസ്ഥാനമായി ആർട്സ്& സയൻസ് കോളേജ്**

4310

**ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര പഞ്ചായത്തിൽ പെരിങ്ങോം ആസ്ഥനമായി ആർട്സ്& സയൻസ് കോളേജ് അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നകാര്യം പരിഗണനയിൽ ഉണ്ടോ;

(സി) എങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കോങ്ങാട് മണ്ഡലത്തിൽ സർക്കാർ കോളേജ്**

4311 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ പുതുതായി രൂപീകരിക്കപ്പെട്ട കോങ്ങാട് മണ്ഡലത്തിൽ സർക്കാർ കോളേജ് ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവിടെ ഒരു സർക്കാർ കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഇ. കെ. നായനാർ മെമ്മോറിയൽ ഗവ: കോളേജിന് കെട്ടിടം**

**4312** **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ എളേരിത്തട്ട് ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ യു. ജി. സി. യുടെ സഹായത്തോടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചിരുന്നുവെങ്കിലും കെട്ടിടം പണി ആരംഭിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ**

4313 **ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതുതായി എം.എസ്.സി സ്റ്റാറ്റിക്സ്, ബി. എ. ഉർദു, ബി.എ. അറബിക്, ബി. എ. ഹിസ്റ്ററി, എം.എ. കന്നഡ എന്നീ കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പിന്നോക്ക പ്രദേശമെന്ന പരിഗണന നൽകി പ്രസ്തുത കോളേജിൽ മേൽപ്പറഞ്ഞ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

<u>റീ - എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമനം</u>

4314 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലും അതിനുകീഴിലുള്ള സ്ഥാപനങ്ങളിലും റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമനം നടത്തുക എന്നത് ഈ സർക്കാരിന്റെ നയമാണോ ;

(ബി) സംസ്ഥാന സാക്ഷരതാ മിഷനിൽ ഈ സർക്കാർ റീ-എംപ്ലോയ്മെന്റിൽ നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് തസ്തികയിൽ ; നിയമന ഉത്തരവ് ലഭ്യമാക്കാമോ ;

(സി) സാക്ഷരതാ മിഷനിൽ ജോയിന്റ് ഡയറക്ടർ തസ്തിക നിലവിലുണ്ടോ ; ഉണ്ടെങ്കിൽ നിയമനരീതി എപ്രകാരമാണ് ;

(ഡി) റീ-എംപ്ലോയ്മെന്റിൽ നിയമിക്കപ്പെട്ടവരുണ്ടെങ്കിൽ അവരുടെ സേവന വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കാമോ; ഈ നിയമനത്തിന് ധനകാര്യവകുപ്പ് അംഗീകാരം നല്കിയിട്ടുണ്ടോ ;

(ഇ) മുൻകാലങ്ങളിലെന്നപോലെ അദ്ധ്യാപകരെ തഴഞ്ഞ് ഇതുവരെ ഡയറക്ടർ സ്ഥാനത്ത് നിയോഗിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ഫ്രീ കോച്ചിംഗ് ആൻഡ് അലൈഡ് സ്കീം</u>

4315 **ശ്രീ. എൻ. ഷംസുദ്ദീൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഫ്രീ കോച്ചിംഗ് ആന്റ് അലൈഡ് സ്കീം പ്രകാരം എത്ര സ്ഥാപനങ്ങൾക്ക് എന്ത് തുകവീതം ആനുകൂല്യം ലഭിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യത്തിന് സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) സർക്കാർ ശുപാർശ ചെയ്യാത്ത സ്വകാര്യ സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

## ഹിസ്റ്ററി അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ

4316 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഹിസ്റ്ററി അദ്ധ്യാപക തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് പി. എസ്. സി. എത്ര പേരെ അഡ്വൈസ് ചെയ്തിട്ടുണ്ടെന്നും അവരുടെ പേരും വെളിപ്പെടുത്തുമോ;

(സി) അഡ്വൈസ് ചെയ്തവരിൽ ആർക്കാണ് നിയമനം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയതിൽ എന്തെങ്കിലും അപാകത സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പ്രൊഫഷണൽ കോളേജുകളിൽ പീഡനത്തിനിരയായ എസ്.സി, എസ്.റ്റി. വിദ്യാർത്ഥികൾ**

**4317 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സ്വകാര്യ, സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ റാഗിംഗ് ഉൾപ്പെടെയുള്ള വിവിധ പീഡനങ്ങൾക്ക് ഇരയായ ആദിവാസി (എസ്.റ്റി.), പട്ടികജാതി (എസ്.സി) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കോളേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; കോളേജ് തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) പ്രസ്തുത സംഭവങ്ങളുടെ പശ്ചാത്തലത്തിൽ എസ്.സി., എസ്.റ്റി. വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചു പോയി; കോളേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**''കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ത്രൂ പോളിടെക്നിക്ക്'' എന്ന പദ്ധതി**

4318 ശ്രീ. എം ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ''കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ത്രൂ പോളിടെക്നിക്ക്'' എന്ന പദ്ധതി മുഖേന എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി എന്തു തുകയാണ് കേന്ദ്രസഹായമായി സർക്കാർ ആവശ്യപ്പെടുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) കേന്ദ്രസഹായം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പോളിടെക്നിക്കുകൾക്കുള്ള എം. എച്ച്. ആർ. ഡി. ഗ്രാന്റ്**

4319 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത പോളിടെക്നിക്കുകൾക്ക് കേന്ദ്ര മാനവവിഭവശേഷി വികസനമന്ത്രാലയം നേരിട്ട് നൽകിവന്നിരുന്ന ഗ്രാന്റ് വിഹിതം സംസ്ഥാന ഗവൺമെന്റ് വഴിയാക്കിയതിനുശേഷം കൃത്യമായും, പൂർണ്ണമായും ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്കിന് എം. എച്ച്. ആർ. ഡി. ഗ്രാന്റ് ആയി ലഭിക്കേണ്ട 12 ലക്ഷം രൂപയിൽ 5,25,937 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ലഭ്യമാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഗവൺമെന്റ് പോളി ടെക്നിക്കിലെ നിർമ്മാണ പ്രവൃത്തികൾ**

**4320**

**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ ഗവൺമെന്റ് പോളി ടെക്നിക്കിൽ ബോയ്സ് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം വർഷങ്ങളായി മുടങ്ങികിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പുനരാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>സി-ആപ്റ്റിന്റെ വികസനം</u>

4321 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിന്റെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മലബാറിലെ സെന്ററുകളുടെ വികസനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇപ്പോൾ എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രസ്തുത സെന്ററുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) കേന്ദ്രത്തിൽ നിന്നും ധനസഹായം നേടിയെടുക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിരുന്നുവോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സ്കോൾ കേരളയ്ക്ക് വേണ്ടി മന്ദിരം**

4322 **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കോൾ കേരളയ്ക്കുവേണ്ടി മന്ദിരം പണിയുന്നതിന് 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിലെ ഡോ. വിജയമ്മയെ പിരിച്ചുവിടാനുള്ള ഉത്തരവ്**

**4323 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിൽ അസിസ്റ്റന്റ് എഡിറ്റർ തസ്തികയിൽ ജോലി ചെയ്തു കൊണ്ടിരുന്ന ഡോ. വിജയമ്മയെ 16.12.2011-ലെ ജി.ഒ. (ആർ.ടി) നമ്പർ 5622/2011/പൊ.വിദ്യാഭ്യാസം പ്രകാരം പിരിച്ചു വിടാൻ ഗവ: തീരുമാനിക്കുകയുണ്ടായോ;

(ബി) പ്രസ്തുത ഉത്തരവിനെ തുടർന്ന് 12.03.2012-ലെ WP(c)No.34232/2011 D നമ്പർ ഉത്തരവ് വഴി കേരള ഹൈക്കോടതി നല്കിയ ഉത്തരവ് എന്തായിരുന്നു; ഹൈക്കോടതി നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഡിറ്റർ തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീമതി വിജയമ്മയെ സർവ്വീസിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഗവ: ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 –ലെ മറുപടിക്ക്

**സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം**

**4324** **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലിറ്ററസി മിഷനിൽ സാക്ഷരതാ പ്രേരക്മാരായി നിലവിൽ എത്രപേർ പ്രവർത്തിക്കുന്നുണ്ട്; അവരുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകുമോ;

(ബി) കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷനിൽ എത്രപേർ സാക്ഷരതാ അസിസ്റ്റന്റ് പ്രേരക്മാരായി പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ജില്ലാതലത്തിൽ നൽകുമോ;

(സി) നിലവിൽ സാക്ഷരതാ പ്രേരക്മാർക്ക് എത്ര രൂപയാണ് ഓണറേറിയമായി നൽകിവരുന്നത്; അസിസ്റ്റന്റ് സാക്ഷരതാ പ്രേരക്മാർക്ക് എത്ര രൂപയാണ് ഓണറേറിയമായി നൽകിവരുന്നത്;

(ഡി) സാക്ഷരതാ പ്രേരക്മാർക്കും, അസിസ്റ്റന്റ് പ്രേരക്മാർക്കും നൽകിവരുന്ന ഓണറേറിയം തുലോം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് വർദ്ധിപ്പിച്ചു നൽകുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സാമുദായിക സംഘർഷബാധിത പ്രദേശങ്ങളിലെ സ്കൂളുകളിൽ എൻ.സി.സി. വിംഗ്**

4325 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ.സി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുളള എത്ര സ്കൂളുകളിൽ ഇനിയും എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കാൻ ബാക്കിയുണ്ടെന്നത് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികളിൽ രാഷ്ട്രബോധവും അച്ചടക്കവും ശക്തമാക്കുന്നതിന് കേരളത്തിലെ സാമുദായിക സംഘർഷ ബാധിത പ്രദേശങ്ങളിലെ സ്കൂളുകളിൽ എൻ.സി.സി. വിംഗ് ആരംഭിക്കുന്നതിന് ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുവാൻ സർക്കാർ തയ്യാറാവുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഹയർ സെക്കൻഡറി തലത്തിൽ എൻ.സി.സി. വിംഗ്**

4326 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി തലത്തിൽ എത്ര സ്കൂളുകളിൽ എൻ.സി.സി. വിംഗ് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഹയർ സെക്കൻഡറി സ്കൂളുകൾ എൻ.സി.സി. ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഹയർ സെക്കൻഡറിയിലെ എൻ.സി.സി. കേഡറ്റുകൾക്ക് പ്ലസ്ടു പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) പ്ലസ്ടുവിന് എൻ.സി.സി കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?